പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3007** **11/12/2014-ൽ മറുപടിയ്ക്ക്**

**അദ്ധ്യാപികയുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകാതിരുന്നത് സംബന്ധിച്ച കേസ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പുനലൂർ കാത്തലിക് കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽ വരുന്ന ആലപ്പുഴ ജില്ലയിലെ കായംകുളം എ.ഇ.ഒ-യുടെ പരിധിയിൽപ്പെടുന്ന ഇക്കണോമിക് സ്കൂളായ ചാരുംമൂട് സെന്റ്മേരീസ് എൽ.പി.എസ്-ലെ എൽ.പി.എസ്.എ ആയ ശ്രീമതി.മിനി ജോസഫിന് 2010-11-ൽ ഇതേ മാനേജ്മെന്റിന് കീഴിലുള്ള അടൂർ എ.ഇ.ഒ-യുടെ പരിധിയിൽപ്പെടുന്ന അൺ ഇക്കണോമിക് സ്കൂളായ കുറുമ്പക്കര സെന്റ് ബ്രൊക്കാർഡ്സ് സ്കൂളിലേക്ക് സ്ഥലം മാറ്റിയപ്പോൾ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 02/05/2008-ലെ നമ്പർ എച്ച്2/65345/2007 സർക്കുലർ പ്രകാരം ശമ്പളം നൽകിയെങ്കിലും, 2013-14-ൽ തിരികെ ചാരുംമൂട് സെന്റ് മേരീസിലേക്ക് ശ്രീമതി.മിനി ജോസഫിനെ സ്ഥലം മാറ്റി | (എ) 21.02.2012-ലെ 5988/ജെ2/12/പൊ.വി നമ്പർ സർക്കുലർ പ്രകാരം ഒരേ മാനേജ്മെന്റിലെ വിവിധ അൺ-ഇക്കണോമിക് സ്കൂളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ സ്ഥലംമാറ്റമാണ് അംഗീകരിക്കാവുന്നത്. ആയതിനാലാണ് ഇക്കണോമിക് സ്കൂളായ ചാരുംമൂട് സെന്റ് മേരീസ് എൽ.പി.സ്കൂളിൽ നിന്നും അൺ-ഇക്കണോമിക് സ്കൂളായ കുറുമ്പക്കര സെന്റ് ബ്രൊക്കാർഡ്സ് എൽ.പി.സ്കൂളിലേയ്ക്കുള്ള ശ്രീമതി.കെ.സി.കുഞ്ഞമ്മയുടെ സ്ഥലംമാറ്റം അംഗീകരിച്ച് ശമ്പളം മാറി നൽകാതിരുന്നത്. തത്ഫലമായി |

| | | | |
|---|---|---|---|
| | നിയമിച്ചപ്പോൾ ഏകദേശം 18 മാസത്തോളം ശമ്പളം നൽകാതെ ബുദ്ധിമുട്ടിച്ചതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | | ശ്രീമതി.മിനി ജോസഫിന്റെ സ്ഥലംമാറ്റവും അംഗീകരിച്ചില്ല. പിന്നീട് സർക്കാർ പുറപ്പെടുവിച്ച 17.06.2014-ലെ ഉത്തരവിന്റേയും, സ്പഷ്ടീകരണത്തിന്റേയും അടിസ്ഥാനത്തിൽ ഇവരുടെ പരസ്പരം സ്ഥലംമാറ്റം അംഗീകരിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | രണ്ട് ഓണം അലവൻസും അഡ്വാൻസും ഒരു സറണ്ടറും ഇവർക്ക് നഷ്ടപ്പെട്ടത് നൽകുന്നതിന് എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; ഇവരുടെ ശമ്പളം അന്യായമായി തടഞ്ഞുവച്ച ഉദ്യോഗസ്ഥരിൽ നിന്നും ഇവരുടെ ശമ്പള കുടിശ്ശികയുടെ പലിശ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; | (ബി) | ശമ്പള കുടിശ്ശിക മാറി നൽകുന്നതോടൊപ്പം 2014-15 വർഷത്തിലെ ഉത്സവബത്ത മാറി നൽകുന്നതാണ്. 2013-14-ലെ ഉത്സവബത്ത ലഭിക്കുന്നതിന് അപേക്ഷിക്കുന്ന മുറയ്ക്ക് പ്രത്യേകാനുമതി നൽകുന്നതാണ്. ഇവരുടെ ശമ്പളം അന്യായമായി തടഞ്ഞുവച്ചിട്ടില്ല. |
| (സി) | ബഹു. മുഖ്യമന്ത്രി പ്രത്യേക നിർദ്ദേശം നൽകിയിട്ടും, പ്രത്യേക സർക്കാർ ഉത്തരവ് ഉണ്ടായിട്ടും, ശമ്പളം നൽകാതിരിക്കുകയും സർക്കാർ ഉത്തരവ് നടപ്പാക്കുന്നത് താമസിപ്പിക്കുവാൻ അനാവശ്യമായി സർക്കാരിനോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടതും പോലീസ് വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | സർക്കാർ ഉത്തരവിന്റേയും സ്പഷ്ടീകരണത്തിന്റേയും അടിസ്ഥാനത്തിൽ യഥാസമയം സ്ഥലംമാറ്റം അംഗീകരിച്ച് നൽകിയിട്ടുണ്ട്. വീഴ്ച വരുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഇവരുടെ ശമ്പളം നൽകുന്നതിന് സർക്കാർ ഉത്തരവും സ്പഷ്ടീകരണ ഉത്തരവും ഇറങ്ങിയിട്ടും പിന്നെയും മാസങ്ങൾ കഴിഞ്ഞ് മാത്രമാണ് ശമ്പളം ഇവർക്ക് നൽകിയത് എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി) | ഇപ്രകാരമുള്ള പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റേയും സ്പഷ്ടീകരണത്തിന്റേയും അടിസ്ഥാനത്തിൽ ഇവരുടെ സ്ഥലംമാറ്റം അംഗീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും നിർദ്ദേശം ലഭിച്ചയുടൻ സ്ഥലംമാറ്റം അംഗീകരിച്ച് നൽകിയതായി കായംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്. |
| (ഇ) | ഇവരുടെ കുടിശ്ശിക ശമ്പളം മാറി നൽകിയതിന്റെ വിശദാംശം ലഭ്യമാക്കുമോ; ഇനിയും എത്ര ശമ്പളം മാറി നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ; ആയതിന്റെ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ; എന്നത്തേക്ക് ഇവരുടെ കുടിശ്ശിക ശമ്പളം നൽകുമെന്ന് വ്യക്തമാക്കുമോ; | (ഇ) | 2013 ജൂൺ മുതൽ 2014 മെയ് മാസം വരെയുള്ള കുടിശ്ശിക ശമ്പളം മാറി നൽകിയിട്ടുണ്ട്. ശമ്പളബിൽ സ്പാർക്ക് മുഖേന ആയതിനാൽ ഓരോ ബില്ലും പ്രത്യേകം പ്രത്യേകം മാറി വേണം ശമ്പളം എടുക്കേണ്ടത്. ആയതിനാലാണ് കാലതാമസം നേരിടുന്നത്. കുടിശ്ശിക ശമ്പളം 2014 ഡിസംബർ മാസത്തിൽ തന്നെ മാറി നൽകാമെന്ന് പ്രധമാദ്ധ്യാപിക അറിയിച്ചിട്ടുണ്ട്. |
| (എഫ്) | ഡി.പി.ഐ.യുടെ സർക്കുലർ നമ്പർ എച്ച്2/65345/2007 തീയതി 02/05/2008 പ്രകാരം 2010-11-ൽ മിനി ജോസഫിന്റെ ശമ്പളം അടൂർ എ.ഇ.ഒ മാറി നൽകിയതുപോലെ 2013-14-ൽ മിനി ജോസഫിന് പകരം സെന്റ് | (എഫ്) | 21.02.2012-ലെ 5988/ജെ2/12/പൊ.വി നമ്പർ സർക്കുലർ പ്രകാരം ഒരേ മാനേജ്മെന്റിലെ വിവിധ അൺ-ഇക്കണോമിക് സ്കൂളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ സ്ഥലംമാറ്റമാണ് |

ബ്രൊക്കാർഡ്സ് സ്കൂളിലേക്ക് സ്ഥലം മാറി വന്ന ശ്രീമതി.കുഞ്ഞമ്മ എൽ.പി.എസ്.എ-യുടെ ശമ്പളം ഈ സർക്കുലർ പ്രകാരം എന്തുകൊണ്ട് മാറി നൽകിയില്ല എന്ന് വ്യക്തമാക്കുമോ; ഈ വിഷയവുമായി ബന്ധപ്പെട്ട് തെറ്റ് ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; കുറ്റക്കാരെ ശിക്ഷിക്കുവാൻ നടപടി സ്വീകരിക്കാമോ?

അംഗീകരിക്കാവുന്നത്. ചാരുംമൂട് സെന്റ് മേരീസ് എൽ.പി.സ്കൂൾ ഇക്കണോമിക്കും, കുറുമ്പക്കര സെന്റ് ബ്രൊക്കാർഡ് എൽ.പി.സ്കൂൾ അൺ-ഇക്കണോമിക്കും ആയതിനാൽ ഇവരുടെ പരസ്പര സ്ഥലംമാറ്റം അംഗീകരിക്കുന്നതിന് സർക്കാരിനോട് സ്പഷ്ടീകരണം ആരാഞ്ഞിരുന്നു. സർക്കാർ ഉത്തരവും സ്പഷ്ടീകരണവും ലഭിച്ച മുറയ്ക്ക് ഇവരുടെ പരസ്പര സ്ഥലംമാറ്റം അംഗീകരിച്ചു നൽകിയിട്ടുണ്ട്. ഇതിൽ അകാരണമായ കാലതാമസമുണ്ടായിട്ടില്ല.

(ജി) ഈ വിഷയുമായി ബന്ധപ്പെട്ട് പരാതികൾ നൽകുകയും വിവരാവകാശ നിയമപ്രകാരം രേഖകൾ ആവശ്യപ്പെടുകയും ചെയ്തതിന്റെ പേരിൽ ഈ സ്കൂളുകളോടും ബന്ധപ്പെട്ട ടീച്ചർമാരോടും പ്രതികാര മനോഭാവത്തോടെ ചില ഉദ്യോഗസ്ഥർ പെരുമാറുന്നതായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം വ്യക്തികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോ?

(ജി) ഇപ്രകാരം സർക്കാരിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കായംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറിൽ നിന്നും നേരിട്ട് വിശദീകരണം തേടിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ